# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2400 2014 ജനുവരി 23-ാം തീയതി
മറുപടി നല്കേണ്ടത്

**മരാമത്ത് കരാറുകാർക്ക് നല്കുവാനുള്ള കുടിശ്ശിക**

**ചോദ്യം** **ഉത്തരം**

ശ്രീ. പി..കെ. ഗുരുദാസൻ
• സി.കെ സദാശിവൻ
• കെ.കുഞ്ഞമ്മത് മാസ്റ്റർ
• സി. കൃഷ്ണൻ

ശ്രീ. കെ.എം. മാണി
നിയമവും
ഭവനനിർമ്മാണവും
വകുപ്പു മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) സാമ്പത്തിക പ്രയാസം നേരിടുന്നതിനാൽ സംസ്ഥാനത്ത് മരാമത്ത് പണികൾ അടക്കം പല വികസന പദ്ധതികളും മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | സംസ്ഥാനത്ത് വികസന പദ്ധതികൾ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബ) കരാറുകാർക്ക് കുടിശ്ശികയിനത്തിൽ എന്തു തുകയാണ് നൽകുവാനുള്ളത്; കരാറുകാർക്ക് കുടിശ്ശിക നൽകാത്തതിനാൽ പണികൾ നിർത്തിവെക്കുമെന്ന് കരാറുകാരുടെ സംഘടന നൽകിയ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ധനകാര്യ വകുപ്പിൽ ലഭിച്ച ഭരണവകുപ്പു ശുപാർശകൾ പ്രകാരം 01.07.2013 മുതൽ 31.10..2013 വരെ പൊതുമരാമത്തു (നിരത്ത്, പാലം) വകുപ്പിൽ 384.38 കോടി രൂപയും പൊതുമരാമത്തു (കെട്ടിടം) വകുപ്പിൽ ഇതേ കാലയളവിൽ 164.66 കോടി രൂപയും ജലവിഭവ വകുപ്പിൽ 01.06.2013 മുതൽ 31.07.2013 വരെ 61.39 കോടി രൂപയും ഉൾപ്പെടെ ആകെ 610.43 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയിനത്തിൽ നല്കുവാനുണ്ട്.<br>കരാറുകാർക്ക് കുടിശ്ശിക നല്കാത്തതിനാൽ പണികൾ നിർത്തി വയ്ക്കുമെന്ന കരാറുകാരുടെ സംഘടന നൽകിയ മുന്നറിയിപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.. |

| | |
|---|---|
| (സി) ബജറ്റിൽ ഉൾപ്പെടുത്തിയ മരാമത്ത് പണികൾ പൂർത്തിയായോ കുടിശ്ശിക ഇത്രയും വർദ്ധിച്ചതിനുള്ള കാരണം വെളിപ്പെടുത്തുമോ? | ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ മരാമത്തു പണികൾ പുരോഗമിച്ചുവരുന്നു. കൂടുതൽ പദ്ധതികൾക്ക് ഭരണാനുമതി നല്കിയതും കൂടുതൽ വികസന പദ്ധതികൾ ഏറ്റെടുത്തു നടത്തിയതും സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി സംസ്ഥാനത്തിന്റെ വരുമാനത്തിലുണ്ടായ കുറവും കരാറുകാരുടെ കുടിശ്ശിക വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ